A

शिक्षा का अधिकार

सर्व शिक्षा अभियान
सब पढ़ें सब बढ़ें

6001

# വാർഷിക മൂല്യനിർണയം 2017–18

## കല, പ്രവൃത്തിപഠനം. ആരോഗ്യകായിക വിദ്യാഭ്യാസം

**ക്ലാസ്സ് : 6** **സമയം: 2 മണിക്കൂർ**

## *പൊതു നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. കലാ വിദ്യാഭ്യാസം, പ്രവൃത്തിപഠനം, ആരോഗ്യകായിക വിദ്യാഭ്യാസം എന്നീ വിഷയങ്ങളെ 3 വിഭാഗങ്ങളായിട്ടാണ് ചോദ്യപേപ്പറിൽ ക്രമീകരിച്ചിട്ടുള്ളത്.
3. കലാ വിദ്യാഭ്യാസത്തിലെ 4 മേഖലകളിൽ ഏതെങ്കിലും ഒരു മേഖല തെരഞ്ഞെടുത്ത് ഉത്തരം എഴുതേണ്ടതാണ്.
4. മൂന്നു വിഭാഗങ്ങളിലായി ചോദ്യങ്ങൾ നൽകിയിരിക്കുന്നു. അവയ്ക്ക് വ്യത്യസ്തമായ മൂന്ന് പേപ്പറുകളിലായി ഉത്തരമെഴുതണം. അവയിലെല്ലാം വിഷയം, പേര്, ക്ലാസ്നമ്പർ, ക്ലാസ്സ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തണം.
5. മൂന്ന് വിഭാഗങ്ങൾക്കായി ആകെ 2 മണിക്കൂർ സമയം അനുവദിക്കും. ഓരോ വിഷയത്തിനും 40 മിനുട്ട് വീതമാണ് ലഭിക്കുന്നത്.

## കലാ വിദ്യാഭ്യാസം

**മേഖല - ചിത്രകല**

1. നമുക്ക് ചുറ്റും എത്രതരം ജീവജാലങ്ങൾ ആണ് - വളരെ വലിയവ - തീരെ കുഞ്ഞൻമാർ- സുലഭമായി കാണുന്നവ -വനങ്ങളിൽ മാത്രം കാണുന്നവ- കടൽ ജീവികൾ- പക്ഷികൾ- തുടങ്ങി അനേകം ജീവികൾ - രൂപഘടനയിലെ വലുപ്പവ്യത്യാസത്തെ തിരിച്ചറിഞ്ഞ് രണ്ടോ അതിലധികമോ ജീവികളെ വരയ്ക്കുക.

   ഉദാ :- ആനയും അണ്ണാനും .....
   ജിറാഫും മുയലും ......
   സിംഹവും എലിയും......
   തിമിംഗലവും ചെറുമത്സ്യങ്ങളും.......
   ഒട്ടകപ്പക്ഷിയും കുരുവികളും......
   മുതലായവ.........

**2 മുതൽ 6 വരെ ചോദ്യങ്ങൾക്ക് ഓരോ സ്കോർ വീതം**

2, ദ്വിതീയ വർണമായ വയലറ്റ് ലഭിക്കുന്നതിന് കൂട്ടിച്ചേർക്കേണ്ട പ്രാഥമിക വർണങ്ങൾ ഏതെല്ലാം?
   (നീലയും ചുവപ്പും, മഞ്ഞയും ചുവപ്പും, മഞ്ഞയും നീലയും, പച്ചയും ചുവപ്പും)
3. ശില്പ നിർമ്മാണത്തിന് ഉപയോഗിക്കാവുന്ന മൂന്ന് വസ്തുക്കളുടെ പേരുകൾ എഴുതുക?
4. വസ്ത്ര നിർമ്മാണ രംഗത്ത് ഉപയോഗിക്കുന്ന ആലങ്കാരിക ചിത്രരചനാരീതി?
   (വുഡ്കാർവിംഗ്, എൻഗ്രേവിംഗ്, ഫാഷൻ ഡിസൈനിംഗ്, എച്ചിംഗ്)
5. താഴെക്കൊടുത്തിരിക്കുന്നവരിൽ പ്രസിദ്ധനായ കേരളീയ ചിത്രകാരൻ ആര്?
   (വിൻസന്റ് വാൻഗോഗ്, എ. രാമചന്ദ്രൻ, എഫ്. എൻ.സൂസ, ജമിനിറോയ്)

6. താഴെ കൊടുത്തിരിക്കുന്ന കാർട്ടൂൺ വരച്ച കാർട്ടൂണിസ്റ്റിന്റെ പേര് എഴുതുക.
( രാജാരവിവർമ, കാനായി കുഞ്ഞിരാമൻ, ടോംസ്, എം.വി. ദേവൻ)



www.educationobserver.com/forum

**മേഖല - സംഗീതം**

1. a. സംഘമായി ആലാപനം നടത്തുമ്പോൾ ശ്രദ്ധിക്കേണ്ടത്
   (ഒരേ ശ്രുതിയിൽ പാടൽ, വ്യത്യസ്തശ്രുതിയിൽ പാടൽ, താളമില്ലാതെ പാടൽ, ഇടക്കിടെ ശ്രുതി മാറ്റിപ്പാടൽ)
   b. സംഗീതത്തിന്റെ അടിസ്ഥാന ഘടകങ്ങളിൽ ഉൾപ്പെടാത്തത് കണ്ടെത്തുക.
   (ഈണം, ഭാവം, വരികൾ, ലയം)
   c. ശ്രുതി വാദ്യമായി ഉപയോഗിക്കുന്ന ഉപകരണം
   (വീണ, വയലിൻ, തംബുരു, ഗിറ്റാർ)
2. താളവാദ്യങ്ങളെ അവയുടെ നിർമ്മാണ സവിശേഷതയനുസരിച്ച് രണ്ടായി തരംതിരിച്ചിട്ടുണ്ട്. ഒന്ന് ലോഹവാദ്യമാണെങ്കിൽ അടുത്ത വിഭാഗത്തെ കണ്ടെത്തുക?
3 പുള്ളുവവീണ എന്ന വാദ്യം ഏത് വിഭാഗം ഗാനങ്ങളുടെ അകമ്പടിയായി പ്രയോഗിക്കുന്നു?
4. സംഗീതത്തിലെഏതെങ്കിലും രണ്ട് അടിസ്ഥാന ഘടകത്തെക്കുറിച്ച് ലഘു കുറിപ്പെഴുതുക
   (ശ്രുതി, ഈണം, താളം, ഭാവം)
5. നാടൻ പാട്ടുകളിൽ പ്രയോഗിക്കപ്പെടുന്ന വാദ്യോപകരണങ്ങളെ കണ്ടെത്തി അവയുടെ സവിശേഷതകൾ കുറിക്കുക. (ഏതെങ്കിലും 3 വാദ്യോപകരണങ്ങളുടെ പേരും ലഘുവിവരണവുമാകാം)
6. ഭാഷാവേഷജാതിമതങ്ങൾ
   വിഭിന്നമെങ്കിലും ഏകകുലം
   ഒരമ്മ പെറ്റവർ, നാം എല്ലാവരും
   ഒരൊറ്റ തന്തുവിൻ മുത്തുകൾ നാം.......
   ഒരു ദേശഭക്തിഗാനത്തിലെ ചില വരികളാണിവ. ഈ വരികളുടെ ആശയമെഴുതുക.

**മേഖല - നൃത്തം**

1. താഴെക്കൊടുത്തിരിക്കുന്നവയിൽ നിന്ന് കഥകളിച്ചമയങ്ങൾ കണ്ടെത്തി എഴുതാമോ?
   (കൃഷ്ണമുടി, കൊലുസ്സ്, കിരീടം, കഴുത്താരം, കാശുമാല, തോൾപ്പൂട്ട്, ജിമിക്കി, പടിയരഞ്ഞാണം, മൂക്കുത്തി.)

2 a) കഥകളിയുടെ പശ്ചാത്തല ചിത്രമാണ് താഴെക്കൊടുത്തിട്ടുള്ളത്. ഏതെല്ലാം വാദ്യോപകരണങ്ങളാണെന്ന് എഴുതുക.



b) കഥകളിയിലെ ഹസ്തമുദ്രകൾ ഏതുഗ്രന്ഥത്തെ അടിസ്ഥാനമാക്കിയാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്?
(നാട്യശാസ്ത്രം, ഹസ്തലക്ഷണദീപിക, ബാലരാമഭരതം, അഭിനയദർപ്പണം)

3. കഥാപാത്ര സ്വഭാവത്തിനനുസൃതമായി കഥകളിയിലെ വേഷങ്ങളെ 5 ആയി തരംതിരിക്കാം. ഏതെല്ലാം

**മേഖല – നാടകം**

1. പുതിയ കാലത്തെ ശക്തമായ കലാരൂപമാണ് സിനിമ. ഇതിന്റെ പിന്നിൽ ഒരുപാട് പേരുടെ കൂട്ടായ അധ്വാനമുണ്ട്. സിനിമയുമായി ബന്ധപ്പെട്ട് വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന ആളുകൾ ആരൊക്കെയാണെന്ന് എഴുതൂ.

   എ) സിനിമ അണിയിച്ചൊരുക്കുന്നത്?

   ബി) സിനിമയ്ക്ക് പണം മുടക്കുന്നത്?

   സി) തിരക്കഥ ഒരുക്കുന്നത്?

   ഡി) പാട്ടെഴുതുന്നത്?

   ഇ) ചിത്രീകരിച്ച സിനിമ ക്രമപ്പെടുത്തിയെടുക്കുന്നത്?

2. നിങ്ങൾ കണ്ട ഒരു സിനിമയുടെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക (സിനിമയുടെ പേര്, അഭിനേതാക്കൾ, പ്രധാന സംഭവങ്ങൾ, ഇഷ്ടപ്പെട്ട രംഗം, ഇഷ്ടപ്പെടാനുണ്ടായ കാരണം)

3. ആമയും മുയലും പന്തയം വെച്ചകഥ നാടകമാക്കുകയാണ്. എങ്കിൽ ആദ്യരംഗം എഴുതിനോക്കൂ. (സ്ഥലം, കാലം, രംഗസൂചനകൾ, സംഭാഷണങ്ങൾ എന്നിവ സ്ക്രിപ്റ്റിൽ ഉൾപ്പെടുത്താൻ മറക്കരുത്.)

(3 x 5 സ്കോർ)

## വിഭാഗം - പ്രവൃത്തി പഠനം

1. ഉപയോഗശൂന്യമെന്ന് കരുതുന്ന ടയർ, പ്ലാസ്റ്റിക്ചാക്ക് എന്നിവയിൽ മണ്ണ് നിറച്ച് പച്ചക്കറിത്തോട്ട നിർമ്മാണത്തിലൂടെ ഉപയോഗപ്രദമാക്കാമെന്ന് തിരിച്ചറിയുന്നു. (ശരി / തെറ്റ്)

2. മാവ് പൂക്കുമ്പോൾ മാവിന്റെ ചുവട്ടിൽ ഉണങ്ങിയ മാവില പുകച്ചാൽ മാങ്ങയിൽ കീടങ്ങൾ ഉണ്ടാകില്ല. (ശരി / തെറ്റ്)

3. പ്രവൃത്തി പഠന ക്ലാസ്സിൽ ആശംസാകാർഡ് നിർമ്മിക്കുന്നതിന് മാർബിളിംഗ് രീതി പരിചയപ്പെടുത്തുന്നു. മാർബിളിംഗിന് ഉപയോഗിക്കുന്ന പെയിന്റ് ഏത് ?


   (വാട്ടർ കളർ, ഫാബ്രിക് പെയിന്റ്, ഇനാമൽ പെയിന്റ്, മഷി)

4. നിങ്ങൾ നിങ്ങളുടെ പ്രവൃത്തി പഠനക്ലാസ്സിൽ ചെയ്ത പ്രവർത്തനത്തിന്റെ ചിത്രങ്ങൾ ചുവടെ ചേർക്കുന്നു. അവയുടെ പേരെഴുതുക.


ചിത്രം എ



ചിത്രം ബി



ചിത്രം സി



ചിത്രം ഡി



5. ചുവടെ തന്നിരിക്കുന്നവയിൽ മെറ്റൽ ഷീറ്റുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് ആവശ്യമായ ആറ് ഉപകരണങ്ങൾ എഴുതുക?

   (സ്പാനർ, സ്റ്റീൽ റൂൾ, സ്ക്രൈബർ, ഹാക്സാഫ്രെയിം, ഹാഫ് റൗണ്ട് ഫയൽ, സെന്റർ പഞ്ച്, മാലറ്റ്, ട്രൈസ്ക്വയർ, പൈപ്പ് റയിഞ്ച്)

6, ജൈവ പച്ചക്കറികൃഷിത്തോട്ടത്തിൽ കീടങ്ങളുടെ ശല്യം അകറ്റുന്നതിനുള്ള ഒരു മാർഗ്ഗം വിവരിക്കുക?

7. ഉപയോഗശൂന്യമെന്ന് കരുതുന്ന ഏതെങ്കിലും ഒരു വസ്തുവിന്റെ പേര് എഴുതുക? അവ ഉപയോഗിച്ച് നിർമ്മിയ്ക്കാവുന്ന ഏതെങ്കിലും രണ്ട് അലങ്കാര വസ്തുക്കളുടെ പേരെഴുതുക?

**എട്ട് മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക**

8. ഒരു ഓഫീസ് എൻവലപ്പ് നിർമ്മാണത്തിന്റെ വർക്ക് ഡയറി എഴുതുക?

9. ഒരു മാതൃകാ കൃഷിത്തോട്ടനിർമ്മാണത്തിന് ആവശ്യമായ ഘടകങ്ങൾ എഴുതി വിശദീകരിക്കുക?

വിഭാഗം - ആരോഗ്യ കായിക വിദ്യാഭ്യാസം

**1 മുതൽ 4 വരെയുള്ള ചോദ്യങ്ങളുടെ ശരിയുത്തരത്തിന് ഒരു സ്കോർ വീതം.**

1. കയാക്കിങ് മത്സരങ്ങൾ നടത്തുന്നത് ഏത് മേഖലയിലാണ്?

   (കര, വായു, ജലം, ഐസ്)

2. പുരാതന ഒളിമ്പിക്സ് ആരംഭിച്ച വർഷം?

www.educationobserver.com/forum

   (ബി സി 774, ബി സി 776, ബി സി 786, ബി സി 756)

3. താഴെകൊടുത്തിരിക്കുന്നവയിൽ ഏറ്റവും കൂടുതൽ സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുന്ന കായിക ഇനം ഏത്?

   (ഫുട്ബോൾ, ക്രിക്കറ്റ്, കബഡി, വോളിബോൾ)

4. അംഗപരിമിതർക്കായുള്ള മത്സരങ്ങൾ ഏത് പേരിലറിയപ്പെടുന്നു?

   (പാരാലിമ്പിക്സ്, ഡ്വാർഫ് ഗെയിംസ്, സാഫ് ഗെയിംസ്, കോമൺവെൽത്ത് ഗെയിംസ്)

**5 മുതൽ 9 വരെയുള്ള ചോദ്യങ്ങൾക്ക് ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതുക. ശരിയുത്തരത്തിന് രണ്ട് സ്കോർ വിതം** **(4 X 2 = 8)**

5. സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിച്ച് കളികളിൽ ഏർപ്പെടുന്നതുകൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാം?

6. താഴെ കൊടുത്തിരിക്കുന്ന ചിത്രങ്ങൾ നിരീക്ഷിച്ച് കായിക ഇനത്തിന്റെ പേരും അത് ഏതു മേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നും എഴുതുക?

A



B




7. ജലത്തിൽ നടത്തുന്ന രണ്ട് കായിക മത്സരങ്ങളുടെ പേരെഴുതുക?

8. സാമൂഹിക പ്രതിബദ്ധത വളർത്തുന്നതിൽ സ്പോർട്സിനുള്ള പങ്ക് എഴുതുക?

9. കായികക്ഷമത എന്നാലെന്ത്? എങ്ങനെയെല്ലാം തരംതിരിച്ചിരിക്കുന്നു?

**10 മുതൽ 11 വരെയുള്ള ചോദ്യങ്ങൾക്ക് ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക. ശരിയുത്തരത്തിന് മൂന്ന് സ്കോർ** **(1 X 3 = 3)**

10. കായിക മത്സരങ്ങൾ നടക്കുന്ന വിവിധ സ്ഥലങ്ങൾ/മേഖലകൾ ഏതെല്ലാം? ഉദാഹരണ സഹിതം എഴുതുക?

11. താഴെക്കൊടുത്തിരിക്കുന്ന ചിത്രത്തിലെ കളിക്കാരൻ ഉപയോഗിച്ചിരിക്കുന്ന സുരക്ഷാ ഉപകരണങ്ങൾ ഏതെല്ലാം?

